(എ) വടകര താലൂക്കിൽ 1985.86 വർഷത്തിൽ പഞ്ചായത്തുകളിലെ റോഡ് മെയിൻറനൻസ് നടത്താൻവേണ്ടി എത്ര സംഖ്യ ചെലവഴിച്ചു;

(ബി) ആകെ എത്ര റോഡുകളാണ് മെയിൻറനൻസ് നടത്തി എന്നു വിശദമാക്കുമോ;

(സി) ഈ കാര്യത്തെപ്പറ്റി പരാതികൾ കിട്ടിയിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 9,22,193.52 രൂപ.

(ബി) 234.

(സി) കിട്ടിയിരുന്നു.

(ഡി) അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വട്ടിയൂർക്കാവ് പഞ്ചായത്ത് റോഡിൻറെ ശോചനീയാവസ്ഥ

798 [966] ശ്രീ. ജി. കാർത്തികേയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ഗവ. പോളിടെക്നിക്കിൻറെ മുൻവശത്ത് നിന്നും പാപ്പാട് സെൻറിലേക്ക് പോകുന്ന പഞ്ചായത്ത് റോഡ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണെന്ന കാര്യം സർക്കാരിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഐ. എ. പി. ആർ. ഡി. യുടെ റീ.ഇൻഫോഴ്സ്മെൻറ് പ്രോസസിനു യു നിറ ഗവ. പോളിടെക്നിക്, പാപ്പാട് സോഷ്യൽ വെൽഫെയർ സെൻറർ മുതലായ സ്ഥാപനങ്ങളിലേക്കുള്ള പ്രസ്തുത റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ഫണ്ട് അപര്യാപ്തമാകയാൽ ഉടൻതന്നെ പുനരുദ്ധാരണ പണികൾ നടത്താൻ നിർവ്വാഹമില്ല. പഞ്ചായത്തിൻറെ സാമ്പത്തിക നില വച്ചപ്പെടുന്നതനുസരിച്ച് ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ്

799 [967] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly